# ആമുഖം

പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ വിമർശനസാഹിത്യത്തെക്കുറിച്ചുള്ള വിവരണാത്മകവും വിമർശാത്മകവുമായ ഒരു പഠനമാണ് ഈ പ്രബന്ധത്തിൽ നിർവ്വഹിച്ചിരിക്കുന്നത്. 19 ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ കേരളത്തിൽ ശക്തി പ്രാപിച്ച സാമൂഹിക, സാംസ്കാരിക, സാഹിത്യ പരിവർത്തനങ്ങളുടെ അനുരണനങ്ങൾ മുണ്ടശ്ശേരിയുടെ വീക്ഷണത്തിൽ നന്നേ ഉൾച്ചേർന്നിട്ടുണ്ട്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ മുതൽ ആരംഭിക്കുന്ന മലയാളവിമർശനത്തിന്റെ അനുക്രമമായ വികാസചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വേണം പ്രൊഫ. മുണ്ടശ്ശേരിയുടെ വിമർശനത്തെ വിലയിരുത്താൻ. എന്നാൽ വിസ്തരഭയത്താൽ സവിസ്തരമായ പശ്ചാത്തലപഠനം ഒഴിവാക്കി.

ഒരു ബഹുമുഖപ്രതിഭയായിരുന്നു പ്രൊഫ. മുണ്ടശ്ശേരി. സാഹിത്യവിമർശനം, നോവൽ, ചെറുകഥ, ശാസ്ത്ര-ചരിത്രലേഖനങ്ങൾ തുടങ്ങി നാനാ പ്രസ്ഥാനങ്ങളിൽ ഇദ്ദേഹത്തിന്റെ സംഭാവനകൾ കണ്ടെത്താനാവും. എന്നാൽ പ്രബന്ധവിഷയവുമായി നേരിട്ട് ബന്ധപ്പെടാത്തത് എന്ന ന്യായത്തിൽ വിമർശനേതര സംഭാവനകളെ പരിഗണനയ്ക്കെടുത്തിട്ടില്ല.

പ്രബന്ധഗാത്രത്തെ എട്ട് അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു.

1. മലയാള നിരൂപണത്തിലെ നവോത്ഥാന ഘട്ടം
2. കാവ്യപീഠിക ഒരു പഠനം
3. മുണ്ടശ്ശേരിയുടെ നിരൂപണാദർശം
4. മുണ്ടശ്ശേരിയും കവിത്രയവും
5. മുണ്ടശ്ശേരിയും സമകാലിക സാഹിത്യകാരന്മാരും

6. മാർക്സിയൻ സൗന്ദര്യശാസ്ത്രാധിഷ്ഠിതവും സാമൂഹിക ശാസ്ത്രാധിഷ്ഠിതവുമായ വിമർശനങ്ങൾ
7. തത്ത്വവും പ്രയോഗവും തമ്മിലുള്ള വൈരുധ്യങ്ങൾ
8. നിഗമനങ്ങളും കണ്ടെത്തലുകളും

ഒന്നാം അദ്ധ്യായത്തിൽ സാമൂഹിക രംഗത്തുണ്ടായ പരിവർത്തനങ്ങളെ സൂചിപ്പിച്ചശേഷം മുണ്ടശ്ശേരിയുമായി ഉറ്റ ബന്ധം പുലർത്തിയിരുന്ന നിരൂപകരെക്കുറിച്ച് സംക്ഷിപ്തമായി പ്രതിപാദിക്കുന്നു.

രണ്ടാം അദ്ധ്യായത്തിൽ പൗരസ്ത്യപാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെ സമന്വയിക്കുന്നതിൽ മുണ്ടശ്ശേരിക്കുണ്ടായ വിജയാപജയങ്ങളെ വിശദീകരിക്കുന്നു.

മൂന്നാം അദ്ധ്യായത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളത്തിൽ ശക്തി പ്രാപിച്ച കാല്പനിക കവിതകളുടെ സവിശേഷതകൾ ഉൾക്കൊള്ളത്തക്ക രീതിയിൽ സഹൃദയ മനസ്സിനെ സജ്ജമാക്കുന്നതിൽ മുണ്ടശ്ശേരി വഹിച്ച പങ്കിനെപ്പറ്റി പ്രതിപാദിക്കുന്നു. മുണ്ടശ്ശേരിയുടെ നിരൂപണാദർശത്തിന്റെ സ്വരൂപവും ഈ അദ്ധ്യായത്തിൽ വിശദമാക്കുന്നു.

നാലാം അദ്ധ്യായത്തിൽ മുണ്ടശ്ശേരിയുടെ വിമർശനം സാഫല്യമടയുന്നത് കവിത്രയത്തിന്റെ വിലയിരുത്തലിലാണെന്ന കണ്ടെത്തലാണ്.

അഞ്ചാം അദ്ധ്യായത്തിൽ കവിത്രയത്തിനു ശേഷമുള്ള സാഹിത്യത്തെ മുണ്ടശ്ശേരി ഏതു വിധം വിലയിരുത്തി എന്ന അന്വേഷണമാണ്.

ആറാം അദ്ധ്യായത്തിൽ മുണ്ടശ്ശേരിയുടെ സാമൂഹികശാസ്ത്രാധിഷ്ഠിതമായ വിമർശനം ക്ലാസ്സിക് സാഹിത്യത്തിന്റെ വിലയിരുത്തലിൽ എങ്ങനെ വിഫലമായിത്തീർന്നു എന്നു പരിശോധിക്കുന്നു.

ഏഴാം അദ്ധ്യായത്തിൽ കാൽനൂറ്റാണ്ടിലേറെ കാലത്തെ മുണ്ടശ്ശേരിയുടെ സാഹിത്യ ജീവിതം അദ്ദേഹത്തിന്റെ കാവ്യസങ്കല്പത്തെയും ഭാവുകത്വത്തെയും ഏതേതു

വിധത്തിൽ സ്വാധീനിക്കുകയും പരിണാമവിധേയമാക്കുകയും ചെയ്തു എന്ന അന്വേഷണമാണ്.

എട്ടാം അദ്ധ്യായത്തിൽ നിഗമനങ്ങളും കണ്ടെത്തലുകളും ക്രോഡീകരിക്കുന്നു.

ഈ പ്രബന്ധരചനക്ക് എനിക്ക് മാർഗ്ഗനിർദ്ദേശം നൽകിയ ഡോ. എസ്. കെ. വസന്തനോടുള്ള എന്റെ കടപ്പാട് സീമാതീതമാണ്. കേരള സാഹിത്യ അക്കാദമി ലൈബ്രറി, അപ്പൻതമ്പുരാൻ സ്മാരക ലൈബ്രറി, പാലാ സെന്തോമസ് കോളേജ് ലൈബ്രറി, മലയാളം ഡിപ്പാർട്ടുമെന്റൽ ലൈബ്രറി എന്നിവയെയാണ് ഈ പ്രബന്ധം തയ്യാറാക്കുന്നതിന് ഞാൻ ആശ്രയിച്ചത്. അതിനു സഹായിച്ച കേരള സാഹിത്യ അക്കാദമി സെക്രട്ടറി പ്രൊഫ. ദാമോദരൻ കാളിയത്ത്, ലൈബ്രേറിയൻ ശ്രീ. രാജേന്ദ്രൻ എന്നിവരോടുള്ള നന്ദി ഇവിടെ പ്രകടിപ്പിക്കുന്നു. ഈ ഗവേഷണത്തിന് അനുവാദം നൽകിയ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയോടും എനിക്ക് കടപ്പാടുണ്ട്. ഈ പഠനത്തിന് നിരന്തരം പ്രോത്സാഹനം നൽകിയ പാലാ സെന്തോമസ് കോളേജ് പ്രിൻസിപ്പൽ ഡോ. കുര്യൻ മറ്റം, എന്റെ ഗുരുഭൂതന്മാരായ പ്രൊഫ. ആർ. എസ്. വർമ്മജി, പ്രൊഫ. കെ. പി. ആഗസ്റ്റി, ഡോ. പി. എ. ജോസഫ്, ഡോ. എം. ഗോപാലകൃഷ്ണൻ നായർ, മറ്റു സഹപ്രവർത്തകർ തുടങ്ങിയവരോടുള്ള കൃതജ്ഞതയും ഇവിടെ പ്രകടിപ്പിക്കുന്നു. ഈ പ്രബന്ധം നന്നായി പ്രിന്റ് ചെയ്തു തന്ന ശ്രീ. നോർബർട്ടിനോടും എനിക്ക് അളവറ്റ നന്ദിയുണ്ട്.

പി. ജെ. സെബാസ്റ്റ്യൻ